**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1056** **15-10-2026-ൽ മറുപടിയ്ക്ക്**

**പാലാ ബൈപ്പാസ് പൂർത്തീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പാലാ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത ബൈപാസ് റോഡിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** കോട്ടയം ജില്ലയിൽ പാലാ നിരത്ത് വിഭാഗത്തിന് കീഴിൽ ഉള്ള ആകെ 3 km നീളമുള്ള പാലാ പാരലൽ റോഡിൻ്റെ (Pala Bye Pass Road) നിർമ്മാണം, മരിയൻ ആശുപത്രിക്ക് സമീപമുള്ള ഒരു ഭാഗം ഒഴികെ പൂർത്തിയായിട്ടുണ്ട്. മരിയൻ ആശുപത്രിയുടെ ഭാഗത്തായി സ്ഥിതിചെയ്യുന്ന ശ്രീ. സാജൻ പി.എം. ഗീതാഞ്ജലിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് ടി പ്രവൃത്തി പൂർത്തീകരിക്കാതെ നീണ്ട് പോകുന്നതിന് കാരണം.

ശ്രീ. സാജൻ പി.എം.യുടെ ഉടമസ്ഥതയിലുള്ള ആകെ 9.90 Ares (24.453 cents) ഭൂമിയിൽ, റോഡ് നിർമ്മാണത്തിനായി മധ്യഭാഗത്തുള്ള 5.47 Ares (13.5109 cents) സ്ഥലം ആവശ്യമാണ്. എന്നാൽ, മധ്യഭാഗത്തുള്ള ഭൂമി മാത്രം ഏറ്റെടുക്കുന്നത് ഇടതുവശത്തുള്ള ശേഷിക്കുന്ന 3.23 Ares (7.978 cents) ഭൂമിയും വലതുവശത്തുള്ള 1.20 Ares (2.964 cents) ഭൂമിയും ഉപയോഗശൂന്യമാക്കും. അതിനാൽ, മുഴവൻ ഭൂമിയും ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്.മുഴവൻ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള Basic valuation Report (BVR) ഉം Detailed valuation Statement (DVS) ഉം ജില്ലാ കളക്ടർ ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, തന്റെ ഭൂമിക്ക് കുറഞ്ഞ മൂല്യമാണ് നിർണ്ണയിച്ചിരിക്കുന്നതെന്ന് ആരോപിച്ചും ഉയർന്ന മൂല്യം ലഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സാജൻ പി.എം. പാലാ സബ് കോടതിയിൽ സമർപ്പിച്ചിരിക്കുന്ന A.S.No.5/2026 നമ്പർ കേസ് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

കേസ് തീർപ്പാക്കി , ഭൂമി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന മുറയ്ക്ക് ബാക്കി റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**